HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) വേണ്ടതുചെയ്യുന്നതാണ്.

മത്സ്യവ്യവസായം.

580. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: മത്സ്യവ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മത്സ്യവ്യവസായം പുനരുദ്ധരിക്കുന്നതിന് ഇൻഡ്യാഗവണ്മെൻറിൽനിന്നും എന്തെങ്കിലും ധനസഹായം തിരുവിതാംകൂറിനു ലഭിച്ചിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ അതെത്ര?

(സി) എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്? അവ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ഫ,വ൨,൨൦൦ രൂപാ.

(സി) 'ബി' ലക്കത്തിൽ പറയുന്ന തുകയും, നമ്മുടെ ഗവണ്മെൻറു് അനുവദിച്ചിട്ടുള്ള ൨,൫൩,൦൫൦ രൂപായും മത്സ്യോല്പാദനം, സംഭരണം, വിതരണം, ശുദ്ധജലാശയങ്ങളിലും കായലിലും മത്സ്യം വളർത്തുക തുടിയായ നാനു ഗവേഷണപദ്ധതികൾക്കായി വിനിയോഗിക്കുകയാണ്. പദ്ധതികളെല്ലാം വിജയപ്രദങ്ങളാണ്.

മത്സ്യവ്യവസായത്തെപ്പറ്റിയുള്ള പരിശീലനം.

581. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: മത്സ്യവ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മത്സ്യവ്യവസായത്തെപ്പറ്റിയുള്ള പരിശീലനം നടത്തുന്നതിന് സയാമിലേക്ക് ആരെയെങ്കിലും അയച്ചിട്ടുണ്ടോ?

(ബി) അദ്ദേഹത്തിന്റെ പേരെന്താണു?

(സി) അദ്ദേഹത്തെത്തന്നെ ഈ പരിശീലനത്തിനയയ്ക്കുവാൻ തക്ക പ്രത്യേകയോഗ്യതകളുണ്ടോ?

(ഡി) അതിനായി ഗവണ്മെൻറിൽനിന്നും എന്തു സംഖ്യചെലവാക്കീട്ടുണ്ട്?

(ഇ) അദ്ദേഹം പരിശീലനം കഴിഞ്ഞു തിരിച്ചെത്തിയതിനു ശേഷം എന്തെല്ലാം പുതിയ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. M. KORAH : (എ) രണ്ടുപേരെ അയച്ചിട്ടുണ്ടായിരുന്നു. സയാമിലേയ്ക്കല്ല, മലയായിലേയ്ക്കായിരുന്നു.

(ബി) മി. കെ. ഗോപിനാഥപിള്ളയും (Senior Research Officer, Fisheries Development Schemes) എം. സൈമൺ ഡിക്രൂസും (an experienced fisherman)

(സി) ഉണ്ട്.

(ഡി) നടപടി ക്രമമായി.

(സി) പരിശീലനം കഴിഞ്ഞുവന്ന രണ്ടുപേരുടേയും മേൽനോട്ടത്തിൽ ഒരു റിങ്ങ് നെറ്റ്, (ചുരുക്കു വലയോട് സാദൃശ്യമുള്ളത്) ഉണ്ടാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതു തയ്യാറായി കിട്ടിയ ഉടൻ തന്നെ അതുപയോഗിച്ച് നമ്മുടെ കടലിൽനിന്നും മീൻപിടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

Construction of a Dam.

582. MR. A. RAMASUBRAMONIA KARAYALAR (*Shencottah—General*) : Will the Hon'ble Minister for Agriculture be pleased to state :

(*a*) whether the Government have any proposal of putting up a dam for the purpose of permanent storage of water for improving the irrigation facilities in Shencotta taluk ; and

(*b*) if the answer is in the affirmative what are the steps the Government have taken in the matter ?

HON'BLE MR. K. M. KORAH : (*a*) No.

(*b*) Does not arise in view to answer (a)

മത്സ്യോല്പാദന കേന്ദ്രം.

583. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: മന്ത്രി സദയം മറുപടി പറയുമോ?

(എ) കായംകുളത്തു് ഒരു മത്സ്യോല്പാദനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിക്ക് എത്രമാത്രം രൂപാ വ്യയം ചെയ്തിട്ടുണ്ട്?

(സി) അവിടെ എത്ര മാത്രം മത്സ്യം ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്?

(ഡി) ഈ പദ്ധതിയിൽനിന്ന് ഗവൺമെൻറിന് എന്തെങ്കിലും ആദായം ഉണ്ടായിട്ടുണ്ടോ?

(ഇ) ആ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന് എന്തു ശമ്പളം കൊടുത്തുവരുന്നു?

(എഫ്) ആ ഉദ്യോഗസ്ഥനും യൂണിവേഴ്സിറ്റി പ്രൊഫസറുമായി എന്തെങ്കിലും ബന്ധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly